# ബ്രഹ്മാബാബയുടെ വിശേഷ അഞ്ചു ചുവട്

ഇന്ന് വിശ്വസ്നേഹിയായ പിതാവ് തന്റെ വിശേഷപ്പെട്ട അതിസ്നേഹിയും സമീപത്തുമുള്ള കുട്ടികളെ കാണുകയാണ്. സ്നേഹികളാണ് എല്ലാ കുട്ടികളും എന്നാൽ അതിസ്നേഹിയായ സമീപത്തുള്ള കുട്ടികൾ അവരാണ് ആരാണോ ഓരോ ചുവടിലും പിന്തുടരുന്നവർ.നിരാകാരിയായ അച്ഛൻ സാകാരി കുട്ടികൾക്ക് സാകാരരൂപത്തിൽ പിന്തുടരുവാനായി സാകാരബ്രഹ്മാബാബയെ കുട്ടികൾക്കു മുന്നിൽ നിമിത്തമാക്കി, ആ ആദി ആത്മാവ് ഡ്രാമയിൽ 84 ജന്മങ്ങളുടെ ആദി മുതൽ അന്തിമം വരെ അനുഭവം ചെയ്തു, സാകാരരൂപത്തിലെ മാധ്യമമായി കുട്ടികൾക്കു മുന്നിൽ സഹജമാക്കാനായി മാതൃകയായി. എന്തെന്നാൽ ശക്തിശാലിയായ മാതൃകയെ കണ്ട് പിന്തുടരുക സഹജമാകുന്നു. അപ്പോൾ സ്നേഹി കുട്ടികൾക്കായി സ്നേഹത്തിന്റെ പ്രകാശമായി ബാബ ബ്രഹ്മാബാബയെ വെച്ചു, സർവ കുട്ടികൾക്കും ഇതേ ശ്രേഷ്ഠശ്രീമതം നല്കി-ഓരോ ചുവടിലും അച്ഛനെ പിന്തുടരുക. എല്ലാവരും സ്വയം അച്ഛനെ പിന്തുടരുന്ന സമീപ ആത്മാക്കളായി മനസിലാക്കുന്നുവോ? പിന്തുടരുക സഹജമായി തോന്നുന്നുവോ ബുദ്ധിമുട്ടായിതോന്നുന്നുവോ? ബ്രഹ്മാബാബയുടെ വിശേഷ ചുവട് എന്താണു കണ്ടത്?

1-ഏറ്റവും ആദ്യ ചുവട്-സർവംശ ത്യാഗി. ശരീരം കൊണ്ടോ ലൗകികസംബന്ധം കൊണ്ടോ മാത്രമല്ല എന്നാൽ ഏറ്റവും വലിയ ത്യാഗം, ആദ്യ ത്യാഗം മനസ്-ബുദ്ധി കൊണ്ട് സമർപ്പണം അതായത് മനസിലും-ബുദ്ധിയിലും ഓരോ സമയവും ബാബയും ഓരോ കർമത്തിലും ശ്രീമതവും സ്മൃതിയുണ്ടായി. സദാ സ്വയം നിമിത്തമെന്നു മനസിലാക്കി ഓരോ കർമത്തിലും സദാ വേറിട്ട സ്നേഹിയായി കഴിഞ്ഞു. ദേഹത്തിന്റെ സംബന്ധത്തിലൂടെ ഞാൻ എന്ന ഭാവത്തിന്റെ ത്യാഗം. ബാബയ്ക്കു മുന്നിൽ മനസു കൊണ്ടും ബുദ്ധി കൊണ്ടും സമർപ്പണത ഉണ്ടാകുന്നുവെങ്കിൽ ദേഹത്തിന്റെ സ്ംബന്ധത്തിന്റെ ത്യാഗം സ്വതവേ ഉണ്ടാകുന്നു. അപ്പോൾ ആദ്യ ചുവട്-സർവംശ ത്യാഗി.

2- രണ്ടാമത്തെ ചുവട്- സദാ ആജ്ഞാകാരിയായി കഴിഞ്ഞു. ഓരോ സമയവും ഓരോ കാര്യത്തിലും -സ്വ പുരുഷാർഥത്തിലായാലും യജ്ഞപാലനയിലായാലും നിമിത്തമായി എന്തെന്നാൽ ഡ്രാമയിൽ വിചിത്രമായ പാർട്ട് അടങ്ങിയിരിക്കുന്ന ഒരേയൊരു ബ്രഹ്മാവ് വിശേഷ ആത്മാവാകുന്നു. ഒരേ ആത്മാവു തന്നെ മാതാവുമാകുന്നു പിതാവുമാകുന്നു. യജ്ഞപാലനയുടെ നിമിത്തമായിട്ടും സദാ ആജ്ഞാകാരിയായി കഴിഞ്ഞു. സ്ഥാപനയുടെ കാര്യം വിശാലമായിട്ടും ഒരു ആജ്ഞയെയും ലംഘിച്ചില്ല. ഓരോ സമയവും ശരി ഹാജർ-എന്നതിന്റെ പ്രത്യക്ഷസ്വരൂപമായി സഹജരൂപത്തിൽ കണ്ടു.

3-മൂന്നാമത്തെ ചുവട്- ഓരോ സങ്കൽപത്തിലും വിശ്വസ്തൻ. പതിവ്രതയായ ഒരു സ്ത്രീക്ക് തന്റെ പതിയെ അല്ലാതെ ആരെയും സ്വപ്നത്തിൽ പോലും ഓർമിക്കാനാവില്ല എന്നതു പോലെ. ഇങ്ങനെ ഓരോ സമയവും ഒരു ബാബ രണ്ടാമതൊരാളില്ല-ഈ വിശ്വസ്തതയുടെ പ്രത്യക്ഷസ്വരൂപം കണ്ടു. വിശാലമായ പുതിയ സ്ഥാപനയുടെ ഉത്തരവാദിത്തത്തിന്റെ നിമിത്തമായിട്ടും വിശ്വസ്തതയുടെ ബലത്തിലൂടെ, ഒരു ബലം ഒരു വിശ്വാസത്തിന്റെ പ്രത്യക്ഷ കർമത്തിൽ ഓരോ പരിതസ്ഥിതിയെയും സഹജമായി മറികടന്നു, മറികടത്തി.

4- നാലാമത്തെ ചുവട്- വിശ്വസേവാധാരി- സേവനത്തിന്റെ വിശേഷത- ഒരു വശത്ത് അതീവ വിനയാന്വിതൻ, ലോകസേവകൻ; മറുവശത്ത് ജ്ഞാനത്തിന്റെ അധികാരി. എത്രത്തോളം വിനയമോ അത്രയും നിശ്ചിന്ത ചക്രവർത്തി. സത്യതയുടെ നിർഭയത-ഇതാണ് സേവനത്തിന്റെ വിശേഷത. എത്ര തന്നെ സംബന്ധികൾ, രാജനേതാക്കൾ, ധർമനേതാക്കൾ പുതിയ ജ്ഞാനത്തിന്റെ കാരണത്താൽ എതിർത്തുവെന്നാലും സത്യതയുടെയും നിർഭയതയുടെയും സ്ഥിതിയിൽ നിന്ന് അൽപവും ഇളക്കാനായില്ല.ഇതിനെ പറയുന്നു വിനയത്തിന്റെയും അധികാരത്തിന്റെയും സന്തുലനം.ഇതിന്റെ ഫലം താങ്കളേവരും കാണുകയാണ്. നിന്ദിക്കുന്നവരും മനസാ മുന്നിൽ നമിക്കുന്നു. സേവനത്തിന്റെ സഫലതയുടെ വിശേഷആധാരമാണ് വിനയഭാവം, നിമിത്തഭാവം, പരിധിയില്ലാത്ത ഭാവം. ഇതേ വിധിയിലൂടെ തന്നെ സിദ്ധിസ്വരൂപമായി.

5-അഞ്ചാമത്തെ ചുവട്-കർമബന്ധനമുക്തം, കർമസംബന്ധമുക്തം അതായത് ശരീരത്തിന്റെ ബന്ധനത്തിൽ നിന്നു മുക്ത മാലാഖ, അതായത് കർമാതീതം. സെക്കന്റിൽ നഷ്ടോമോഹ, സ്മൃതിസ്വരൂപം സമീപവും സമാനവും.

അപ്പോൾ ഇന്ന് വിശേഷിച്ച് ചുരുക്കത്തിൽ അഞ്ചു ചുവടുകൾ കേൾപ്പിച്ചു. വിസ്താരം വളരെയാണ് എന്നാൽ ചുരുക്കത്തിൽ ഈ അഞ്ചു ചുവടുകൾക്കു മേൽ ചുവടുയർത്തുന്നവരെ തന്നെയാണ് അച്ഛനെ പിന്തുടരുന്നവരെന്നു പറയുന്നത്. ഇപ്പോൾ സ്വയം ചോദിക്കൂ-എത്ര ചുവടുകളിൽ പിന്തുടർന്നിട്ടുണ്ട്? സമർപ്പിതമായോ അതോ സർവംശസമർപ്പിതമായോ? സർവ-വംശം അർഥം സങ്കൽപം, സ്വഭാവം, സംസ്കാരം,പ്രകൃതത്തിലും ബാപ്സമാനമാകണം. അഥവാ ഇപ്പോഴും പോകെപ്പോകെ കരുതുകയും പറയുകയു

മാണ്– എന്റെ സ്വഭാവം ഇങ്ങനെയാണ്, എന്റെ പ്രകൃതം ഇങ്ങനെയാണ്. അഥവാ ആഗ്രഹിച്ചില്ലെങ്കിലും സങ്കൽപിച്ചുപോകുന്നു, പറഞ്ഞുപോകുന്നു–അപ്പോൾ ഇതിനെ സർവംശ ത്യാഗി എന്നു പറയില്ല. സ്വയത്തെ സമർപ്പിതമെന്നു പറയുന്നു എന്നാൽ സർവംശ സമർപ്പണം–ഇതിൽ എന്റെ, നിന്റെ വരുന്നു. എന്താണോ ബാബയുടെ സ്വഭാവം സ്വയത്തിൻരെ ഭാവം അതായത് ആത്മീയ ഭാവം. സംസ്കാരം സദാ ബാബയ്ക്കു സമാനം സ്നേഹം, ദയ, ഉദാരതയുടേത്, ഇതിനെ വലിയ ഹൃദയമെന്നു പറയുന്നു. ചെറിയ ഹൃദയം അർഥം പരിധിയുള്ള എന്റേത് എന്നതു കാണുക– അവനവനെ പ്രതിയാകട്ടെ , സേവാസ്ഥാനത്തെ പ്രതിയാകട്ടെ, തന്റെ  സേവാസാഥികളെ പ്രതിയാകട്ടെ. വലിയ ഹൃദയത്തിന് സർവതിനെയും സ്വന്തമെന്ന അനുഭവമുണ്ടാകുന്നു. വലിയ ഹൃദയത്തിൽ സദാ ഓരോ പ്രകാരത്തിലെ  കാര്യവും–ശരീരത്തിന്റേതാകട്ടെ, മനസിന്റേതാകട്ടെ, ധനത്തിന്റേതാകട്ടെ, ബന്ധത്തിലാകട്ടെ സഫലതയുടെ ഐശ്വര്യമുണ്ടാകുന്നു.അതായത് അധികം പ്രയോജനമുണ്ടാകുന്നു. ചെറിയ ഹൃദയമുള്ളവർക്ക് പരിശ്രമം കൂടുതൽ, സഫലത കുറവാകുന്നു. ആദ്യവും കേൾപ്പിച്ചിരുന്നു ചെറിയ ഹൃദയമുള്ളവരുടെ ഭണ്ഡാരിയും ഭണ്ഡാരവും സദാ ഐശ്വര്യമുള്ളതാകില്ല. സേവാസാഥികൾ ഒരുപാട് വാഗ്ദാനം പറയും–താങ്കൾ ഇത് ചെയ്യൂ ഞാൻ ഇതു ചെയ്യാം എന്നാൽ സമയത്ത് സാഹചര്യങ്ങൾ കേൾപ്പിക്കാൻ തുടങ്ങും.ഇതിനെ പറയുന്നു വലിയ ഹൃദയമെങ്കിൽ വലിയ പ്രഭു സന്തുഷ്ടം. രഹസ്യയുക്തരിൽ പ്രഭു സദാ സംപ്രീതമാകുന്നു. ടീച്ചർമാരെല്ലാം വലിയ ഹൃദയമുള്ളവരല്ലേ!പരിധിയില്ലാത്ത വലുതിലും വലിയ കാര്യാർഥം നിമിത്തമാണ്. ഇത് പറയുന്നില്ലല്ലോ–ഞാൻ ഇന്ന  ഏരിയയുടെ മംഗളകാരിയാണ് അല്ലെങ്കിൽ ഇന്ന രാജ്യത്തിന്റെ മംഗളകാരിയാണ്? വിശ്വമംഗളകാരിയല്ലേ? ഇത്രയും വലിയ കാര്യത്തിന് ഹൃദയവും വലുതായിരിക്കണ്ടേ. വലുത് എന്നാൽ പരിധിയില്ലാത്തത്. അതായത് ടീച്ചർമാർ പറയുമോ ഞങ്ങൾക്ക് പരിധി നൽകിയിരിക്കുന്നു. പരിധികളും എന്തുകൊണ്ട് നൽകിയിരിക്കുന്നു, കാരണം ചെറിയ ഹൃദയം.  എത്ര തന്നെ ഏരിയ ഉണ്ടാക്കിത്തന്നാലും താങ്കൾ  സദാ പരിധിയില്ലാത്ത ഭാവം വെക്കൂ, ഹൃദയത്തിൽ പരിധി വെക്കാതിരിക്കൂ. സ്ഥലത്തിന്റെ പരിധിയുടെ പ്രഭാവം ഹൃദയത്തിൽ ഉണ്ടാകരുത്. അഥവാ ഹൃദയത്തിൽ പരിധിയുടെ പ്രഭാവമുണ്ടെങ്കിൽ  പരിധിയില്ലാത്ത ബാബയ്ക്ക് പരിധിയുള്ള ഹൃദയത്തിലിരിക്കാൻ കഴിയില്ല. വലിയ ബാബയാണ് അപ്പോൾ  ഹൃദയവും വലുതു വേണമല്ലോ. ബ്രഹ്മാബാബ എപ്പോഴെങ്കിലും മധുബനിലിരിക്കുമ്പോൾ ഈ  സങ്കൽപം ചെയ്തുവോ എന്റേത് മധുബൻ മാത്രമാണ്,  ബാക്കി കർണാടക, യു.പി, പഞ്ചാബ് എല്ലാം കുട്ടികളുടേത് എന്ന്? ബ്രഹ്മാബാബയോട് എല്ലാവർക്കും സ്നേഹമുണ്ടല്ലോ. സ്നേഹത്തിന്റെ അർഥമാണ് പിന്തുടരുക.

എല്ലാ ടീച്ചർമാരും പിന്തുടരുന്നവരാണോ അതോ എന്റെ സെന്റർ, എന്റെ ജിജ്ഞാസു, എന്റെ സഹായി, വിദ്യാർഥിയാണെങ്കിൽ എന്റെ ടീച്ചറെന്നും വിചാരിക്കുന്നുണ്ടോ? അച്ഛനെ പിന്തുടരുക എന്നാൽ എന്റേതിനെ നിന്റേതിൽ ലയിപ്പിക്കുക. പരിധിയെ പരിധിയില്ലാത്തതിൽ ലയിപ്പിക്കുക. ഇപ്പോൾ ഈ ചുവടിൽ ചുവടു വെക്കേണ്ടതിന്റെ ആവശ്യമാണ്. എല്ലാവരുടെയും സങ്കൽപം, വാക്ക്, സേവനത്തിന്റെ വിധി ഇവ പരിധിയില്ലാത്തതായി അനുഭവമാകണം. പറയാറുണ്ടല്ലോ–ഇപ്പോൾ എന്തു ചെയ്യണം,ഈ വർഷം? അപ്പോൾ സ്വപരിവർത്തനത്തിനു വേണ്ടി പരിധിയ സർവംശസഹിതം സമാപ്തമാക്കൂ.  ആരെ കണ്ടാലും ആരു താങ്കളെ കണ്ടാലും –പരിധിയില്ലാത്ത ചക്രവർത്തിയുടെ ലഹരി അനുഭവമാകണം. പരിധിയുള്ള ഹൃദയമുള്ളവർക്ക് പരിധിയില്ലാത്ത ചക്രവർത്തിയാകാൻ സാധിക്കില്ല. ഇങ്ങനെ കരുതരുത് എത്ര സെന്ററുകൾ തുറക്കുന്നുവോ എത്ര അധികം സേവനം ചെയ്യുന്നുവോ അത്രയും വലിയ രാജാവാകും. ഇതിലൂടെ സ്വർഗത്തിന്റെ പുരസ്കാരം ലഭിക്കില്ല. സേവനവുമുണ്ട്, സെന്ററുകളുമുണ്ട് എന്നാൽ പരിധിയുടെ  പേരടയാളമുണ്ടാകരുത്. അവർക്ക് യഥാക്രമം വിശ്വത്തിന്റെ രാജസിംഹാസനം പ്രാപ്തമാകും അതിനാൽ ഇപ്പോഴിപ്പോൾ അൽപസമയത്തേക്ക് സ്വന്തം ഹൃദയത്തെ  സന്തുഷ്ടമാക്കിയിരിക്കരുത്. പരിധിയില്ലാത്ത സുഗന്ധമുള്ള ബാബയ്ക്കു സമാനവും സമീപവും ഇപ്പോഴുമാണ്          21 ജന്മവും ബ്രഹ്മാബാബയുടെ സമീപമുണ്ടാകും. അപ്പോൾ ഇങ്ങനെയുള്ള സമ്മാനം വേണോ അതോ ഇപ്പോഴത്തേതോ? ധാരാളം സെന്ററുകളുണ്ട്, ധാരാളം ജിജ്ഞാസുക്കളുണ്ട്...ഈ ധാരാളം ധാരാളത്തിൽ പോകരുത്. വലിയ ഹൃദയത്തെ സ്വന്തമാക്കൂ. കേട്ടുവോ, ഈ വർഷം എന്തു ചെയ്യണം? ഈ വർഷം സ്വപ്നത്തിൽ പോലും ഒന്നിന്റെയും പരിധിയുള്ള സങ്കൽപം ഉണ്ടാകരുത്. ധൈര്യമുണ്ടല്ലോ? പരസ്്പരം  പിന്തുടരേണ്ട, ബാബയെ പിന്തുടരണം.

രണ്ടാമത്തെ കാര്യം–ബാപ്ദാദ ശബ്ദത്തിനുപരിയും ശ്രദ്ധ നൽകിയിരുന്നു. ഈ വർഷം സ്വന്തം വാക്കുകൾക്കു മേൽ വിശേഷ ഡബിൾ ശ്രദ്ധ. എല്ലാവർക്കും സംസാരത്തിന്റെ നിർദേശം അയച്ചിട്ടുണ്ട്. ഇതിൽ സമ്മാനം വാങ്ങണം. സത്യതയോടെ ശുദ്ധതയോടെ തന്റെ ചാർട്ട് സ്വയം തന്നെ വെക്കണം. സത്യമായ ബാബയുടെ കുട്ടികളല്ലേ. ബാപ്ദാദ എല്ലാവർക്കും നിർദേശം നൽകുന്നു, എവിടെയാണോ സേവനം സ്ഥിതിയെ കുലുക്കുന്നത് അവർക്ക് സേവനത്തിൽ ഒരു സഫലതയും ലഭിക്കില്ല. സേവനം കുറച്ചാലും സ്ഥിതിയെ കുറയ്ക്കരുത്. ഏതു സേവനം സ്ഥിതിയെ താഴേക്കു കൊണ്ടുവരുന്നുവോ അതിനെ സേവനം എന്ന് എങ്ങനെ പറയും! അതിനാൽ ബാപ്ദാദ എല്ലാവരോടും വീണ്ടും ഇതുതന്നെ പറയുന്നു സദാ സ്വ

സ്ഥിതിയും സേവനവും അതായത് സ്വസേവനവും മറ്റുള്ളവരുടെ സേവനവും ഒപ്പമൊപ്പം ചെയ്യൂ. സ്വസേവനത്തെ വിട്ട് സേവ ചെയ്യുക ഇതിലൂടെ സഫലത പ്രാപ്തമാകുന്നില്ല. ധൈര്യം വെക്കൂ-സ്വസേവനത്തിന്റെയും പരസേവനത്തിന്റെയും. സർവശക്തിവാനായ അച്ഛൻ സഹായിയാണ്. അതിനാൽ ധൈര്യത്തിലൂടെ രണ്ടിന്റെയും സന്തുലനം വെച്ച് മുന്നേറൂ. ദുർബലരാകാതിരിക്കൂ. അനേക തവണ നിമിത്തമായ വിജയിആത്മാവാണ്.ഇങ്ങനെയുള്ള വിജയിആത്മാക്കൾക്ക് ഒരു ബുദ്ധിമുട്ടുമില്ല, ഒരു പരിശ്രമവുമില്ല. ശ്രദ്ധയും അഭ്യാസവും -ഇതും സഹജവും സ്വതവേയും അനുഭവമാകും. ശ്രദ്ധയുടെയും സമ്മർദ്ദമുണ്ടാകരുത്. ചില ചിലർ ശ്രദ്ധയെ സമ്മർദ്ദത്തിലേക്കു മാറ്റുന്നു.ബ്രാഹ്മണാത്മാക്കളുടെ നിജസംസ്കാരം ശ്രദ്ധയും അഭ്യാസവുമാണ്. ശരി

ബാക്കിയുള്ളത് വിശ്വമംഗളത്തിന്റെ സേവനത്തിന്റെ കാര്യം. അപ്പോൾ ഈ വർഷം ഓരോരോ സേവാകേന്ദ്രത്തിൽ എത്ര തന്നെ സന്ദേശം കിട്ടിയവരും സമ്പർക്കത്തിലുള്ളവരുമുണ്ടെങ്കിലും അവർക്ക് ക്ഷണം നൽകി യഥാശക്തി സ്നേഹമിലനം ചെയ്യൂ , പട്ടികക്കണക്കിൽ ചെയ്യൂ അല്ലെങ്കിൽ ലഭിച്ചവരുമായി ചെയ്യൂ, എന്നാൽ ആ ആത്മാക്കളുടെ നേർക്ക് വിശേഷ ശ്രദ്ധ നൽകൂ. വ്യക്തിഗതമായി കാണൂ. വെറുതെ പോസ്റ്റ് അയയ്ക്കുകയാണെങ്കിൽ അതിലും ഫലം കുറവായിരിക്കും. അവരവരുടെ വരാൻ പോകുന്ന വിദ്യാർഥികളുടെ ഗ്രൂപ്പുണ്ടാക്കൂ, അവരിൽ വ്യക്തിപരമായി കുറച്ചുപേരെ സമീപത്തു വരാൻ നിമിത്തമാക്കൂ. അപ്പോൾ എല്ലാ വിദ്യാർഥികളും തിരക്കിലാകും. സേവനത്തിന്റെ തിരഞ്ഞെടുപ്പുമുണ്ടാകും. അതിനെ താങ്കൾ പറയുന്നതു പോലെ ഇരിക്കാനൊഴിവില്ല. ഇങ്ങനെ ആത്മാക്കൾക്കും എന്തെങ്കിലും പുതിയ കാര്യങ്ങൾ കേൾക്കാനുണ്ട്. ഇപ്പോൾ വരെയും മികച്ച ലോകം എന്തായിരിക്കും എന്നു കൂട്ടംകൂടുന്നു. ഇനി അവരെ തനിക്കു നേർക്ക് ആകർഷിക്കൂ. അതിന് വിശേഷ വിഷയംവെക്കൂ-സെൽഫ് പ്രോഗ്രാം, സെൽഫ് പ്രോഗ്രാമിന്റെ ആധാരം. ഈ പുതിയ വിഷയം വെക്കൂ. ഈ സ്വ പരിപാടിക്കായി ആത്മീയബജറ്റുണ്ടാക്കൂ. ബജറ്റിൽ എപ്പോഴും മിച്ചത്തിന്റെ കാര്യം ചെയ്യാറുണ്ട്. അപ്പോൾ ആത്മീയ ബജറ്റിന്റെ ശേഖരണം എന്താണ്! സമയം, സങ്കൽപം, ഊർജത്തെ വേസ്റ്റിൽ നിന്നു ബെസ്റ്റ് ആക്കേണ്ടിവരും. എല്ലാവരുടെയും ശ്രദ്ധ സ്വയത്തിനു നേർക്ക് ക്ഷണിക്കൂ. കുട്ടികൾ വിഷയമെടുത്തു- ഫോർ സെൽഫ് ട്രാൻസ്ഫോർമേഷൻ. എന്നാൽ ഈ വർഷം ഓരോ സേവാകേന്ദ്രത്തിനും സ്വാതന്ത്ര്യമുണ്ട്,ആർക്ക് എന്തു ചെയ്യണമോ തന്റെ സ്വഉന്നതിയോടൊപ്പം ഒപ്പം ആദ്യം സ്വന്തം മിച്ചബജറ്റുണ്ടാക്കൂ, സേവനത്തിൽ മറ്റുള്ളവർക്കും ഈ കാര്യത്തിന്റെ അനുഭവം ചെയ്യിക്കൂ.ഇങ്ങനെയല്ല സേവനത്തിൽ ബിസിയായി സ്വഉന്നതിക്ക് സമയം ലഭിക്കാതെ. അപ്പോൾ ഇത് സ്വതന്ത്രവർഷമാണ് സേവനത്തിന്. എത്ര വേണമോ അത്ര ചെയ്യൂ. രണ്ടു പദ്ധതികളും സ്മൃതിയിൽ വെച്ച് ഇനിയും ചേർക്കാം. ബാബ സദാ കുട്ടികളെ മുന്നിൽ വെക്കുന്നു.ശരി

നാനാഭാഗത്തുമുള്ള സർവ അച്ഛനെ പിന്തുടരുന്ന ശ്രേഷ്ഠ ആത്മാക്കൾ, സദാ ഡബിൾ സേവനത്തിന്റെ സന്തുലനം വെക്കുന്ന ബാബയുടെ അനുഗ്രഹത്തിന്റെ അധികാരിയായ ആത്മാക്കൾക്ക്, സദാ പരിധിയില്ലാത്ത ചക്രവർത്തി-ഇങ്ങനെയുള്ള രാജയോഗി, സഹജയോഗി, സ്വതവേ യോഗി, സദാ അനേക തവണത്തെ വിജയത്തിന്റെ നിശ്ചയത്തിലും ലഹരിയിലും കഴിയുന്ന അതി സഹയോഗി സ്നേഹി കുട്ടികൾക്ക് ബാപ്ദാദയുടെ സ്നഹസ്മരണയും നമസ്തേയും.

അവ്യക്തബാപ്ദാദയുമായി വ്യക്തിഗത കൂടിക്കാഴ്ച: ഞാൻ ഓരോ കൽപത്തിലെയും പൂജ്യആത്മാവാണ്-ഇങ്ങനെ അനുഭവം ചെയ്യുന്നുണ്ടോ? അനേക തവണ പൂജ്യമായി പിന്നീടും പൂജ്യരായിക്കൊണ്ടിരിക്കുന്നു. പൂജ്യആത്മാക്കൾ എന്തുകൊണ്ട് ആകുന്നു? എന്തെന്നാൽ ആര് സ്വയം സ്വമാനത്തിൽ ഇരിക്കുന്നു അവർക്ക് സ്വതവേ മറ്റുള്ളവരിലൂടെ ബഹുമാനം ലഭിക്കുന്നു. സ്വമാനത്തെ അറിയുമോ? എത്ര ഉയർന്ന സ്വമാനമാണ്? എത്ര വലിയ സ്വമാനമുള്ളവരാകട്ടെ എന്നാൽ അവർ താങ്കൾക്കു മുന്നിൽ ഒന്നുമല്ല. എന്തെന്നാൽ അവരുടെ സ്വമാനം പരിധിയുള്ളതാണ്. താങ്കളുടേത് ആത്മീയ സ്വമാനമാണ്. ആത്മാവ് അവിനാശിയാണ് അപ്പോൾ സ്വമാനവും അവിനാശിയാണ്. അവരുടേത് ദേഹത്തിന്റെ മാനമാണ്. ദേഹം വിനാശിയാണ് അപ്പോൾ സ്വമാനവും വിനാശി. എപ്പോഴെങ്കിലും ആരെങ്കിലും പ്രസിഡന്റ് ആയി അല്ലെങ്കിൽ മന്ത്രി ആയി എന്നാൽ ശരീരം പോകുമ്പോൾ സ്വമാനവും പോകും. പിന്നെ പ്രസിഡന്റ് ആകുമോ. താങ്കളുടെ സ്വമാനമെന്താണ്? ശ്രേഷ്ഠആത്മാവാണ്, പൂജ്യആത്മാവാണ്. ആത്മാവിന്റെ സ്മൃതിയിൽ കഴിയുകയാണ്,അതിനാൽ അവിനാശി സ്വമാനമാണ്. താങ്കൾക്കു വിനാശി സ്വമാനത്തിനു നേർക്ക് ആകർഷിതരാകാൻ കഴിയില്ല.അവിനാശി സ്വമാനമുള്ള പൂജ്യആത്മാക്കളാകുന്നു. ഇപ്പോൾ വരെയും തന്റെ പൂജ കണ്ടുകൊണ്ടിരിക്കുന്നു.തന്റെ പൂജ്യസ്വരൂപത്തെ കാണുകയാണെങ്കിൽ സ്മൃതി വരാറില്ലേ ഇതു നമ്മുടെ തന്നെ രൂപമാണ്. ഭക്തർ അവരവരുടെ ഭാവനയിൽ നൽകിയ രൂപമാണെങ്കിലും എന്നാൽ താങ്കൾ തന്നെയാണ് പൂജ്യആത്മാക്കൾ. എത്ര തന്നെ സ്വമാനമുണ്ടോ അത്രയും വിനയം. സ്വമാനത്തിന്റെ അഭിമാനമില്ല. ഇങ്ങനെയല്ല ഞങ്ങൾ ഉന്നതരായിരിക്കുന്നു, മറ്റുള്ളവർചെറിയവരാണ് അവരെ പ്രതി വെറുപ്പിന്റെ ഭാവമുണ്ടാകുക, ഇങ്ങനെയുണ്ടാകരുത്.എങ്ങനെയുള്ള ആത്മാക്കളായക്കോട്ടെ എന്നാൽ ദയയുടെ ദൃഷ്ടിയിൽ കാണും.അഭിമാനത്തിന്റെ ദൃഷ്ടിയിലല്ല. അഭിമാനവുമില്ല, അപമാനവുമില്ല. ഇപ്പോൾ ബ്രാഹ്മണജീവിതത്തിന്റെ

ഈ രീതിയല്ല.അപ്പോൾ ദൃഷ്ടി മാറിയില്ലേ. ജീവിതം തന്നെ മാറിയിരിക്കുമ്പോൾ ദൃഷ്ടി സ്വതവേ മാറിയല്ലോ. സൃഷ്ടിയും മാറി. ഇപ്പോൾ താങ്കളുടെ സൃഷ്ടി എന്താണ്. താങ്കളുടെ സൃഷ്ടി അഥവാ ലോകം ബാബ തന്നെയാണ്. ബാബയിൽ പരിവാരവും വരുന്നു. ഇപ്പോൾ ആരെ നോക്കുകയാണെങ്കിലും ആത്മീയദൃഷ്ടിയോടെ ഉയർന്ന ദൃഷ്ടിയോടെ നോക്കും. ഇപ്പോൾ ശരീരത്തിനു നേർക്ക് ദൃഷ്ടി പോകാനാവില്ല. എന്തെന്നാൽ ദൃഷ്ടി അഥവാ നയനങ്ങളിൽ ബാബ സദാ അടങ്ങിയിരിക്കുന്നു.ആരുടെ കണ്ണുകളിലാണോ ബാബ അവർ ദേഹത്തിന്റെ ബോധത്തിലേക്ക് എങ്ങനെ വരും. ബാബ അടങ്ങിയിട്ടുണ്ടോ അതോ അടങ്ങാൻ പോകുകയാണോ? ബാബ അടങ്ങിയിട്ടുണ്ടെങ്കിലും മറ്റാരും അടങ്ങിയിട്ടുണ്ടാകില്ല. കണ്ണുകളുടെ അത്ഭുതമാണ് ബിന്ദുവിലൂടെ. ഈ നോക്കുന്നതും കാണുന്നതുമെല്ലാം ആരാണ് ചെയ്യുന്നത്?ശരീരത്തിന്റെ കണക്കിലും ബിന്ദു തന്നെയല്ലേ. ചെറിയ ബിന്ദു അത്ഭുതം ചെയ്യുന്നു. അപ്പോൾ ദേഹത്തിന്റെ ബന്ധത്തിലും ചെറിയ ബിന്ദു അദ്ഭുതം കാണിക്കുന്നു ആത്മീയ ബന്ധത്തിലും ബാബയാകുന്ന ബിന്ദു അടങ്ങിയിരിക്കുന്നു, അതിനാൽ മറ്റാരും അടങ്ങുക സാധ്യമല്ല. ഇങ്ങനെ മനസിലാക്കുന്നുവോ? പൂജ്യആത്മാക്കളായി എങ്കിൽ പൂജ്യആത്മാക്കളുടെ നയനം സദാ നിർമലമായി കാണപ്പെടുന്നു. അഭിമാനത്തിന്റെയോ അപമാനത്തിന്റെയോ കണ്ണല്ല കാണിക്കുന്നത്. ഏതു ദേവീദേവതയുടെയും കണ്ണുകൾ നിർമലവും ആത്മീയവും ആകും. അപ്പോൾ കണ്ണുകൾ ആരുടെയാണ്? എപ്പോഴെങ്കിലും ആരെ പ്രതിയെങ്കിലും ഒര സങ്കൽപമെങ്കിലും വന്നു എങ്കിൽ ഓർമിക്കൂ ഞാൻ ആരാണ്? എന്റെ ജഡചിത്രവും ആത്മീയനയനധാരിയാണ്. എങ്കിൽ ഞാൻ എങ്ങനെയുള്ള ചൈതന്യമാണ്? ആളുകൾ ഇപ്പോഴും താങ്കളുടെ മഹിമയിൽ പറയുന്നു സർവഗുണസമ്പന്നം, സമ്പൂർണനിർവികാരി. അപ്പോൾ താങ്കൾ ആരാണ്?സമ്പൂർണനിർവികാരിയല്ലേ? അംശമാത്രയും ഒരു വികാരവുമുണ്ടാകരുത്. സദാ ഈ സ്മൃതി വെക്കൂ എന്റെ ഭക്തർ എന്നെ ഈ രൂപത്തിലാണ് ഓർമിക്കുന്നത്. പരിശോധിക്കൂ ജഡചിത്രത്തിലും ചൈതന്യചരിത്രത്തിലും വ്യത്യാസമില്ലല്ലോ? ചരിത്രത്തിലൂടെയാണ് ചിത്രമുണ്ടായത്. സംഗമത്തിൽ പ്രായോഗികചരിത്രമുണ്ടാകുന്നു പിന്നെ ചിത്രമുണ്ടാക്കുന്നു.ശരി.

## വരദാനം-സർവശക്തികളുടെയും സമ്പന്നതയിലൂടെ വിശ്വത്തിന്റെ വിഘ്നങ്ങളെ സമാപ്തമാക്കുന്ന വിഘ്നവിനാശകരായി ഭവിക്കട്ടെ

ആര് സർവശക്തികളാൽ സമ്പന്നമാണോ അവർക്കു തന്നെയാണ് വിഘ്നവിനാശകരാകാൻ സാധിക്കുന്നത്. വിഘ്നവിനാശകർക്കു മുന്നിൽ ഒര വിഘ്നത്തിനും വരാനാവില്ല. എന്നാൽ ഏതെങ്കിലും ശക്തിയുടെ കുറവുണ്ടെങ്കിൽ വിഘ്നവിനാശകരാകാൻ സാധിക്കില്ല. അതിനാൽ പരിശോധിക്കൂ സർവശക്തികളുടെയും സ്റ്റോക്ക് നിറഞ്ഞിട്ടുണ്ടോ? ഇതേ സ്മൃതിയിൽ അഥവാ ലഹരിയിൽ കഴിയൂ സർവശക്തികൾ എന്റെ സ്വത്താണ്.ഞാൻ മാസ്റ്റർ സർവശക്തിവാനാണ് എങ്കിൽ ഒരു വിഘ്നത്തിനും ഇരിക്കാൻ കഴിയില്ല.

## സ്ലോഗൻ- ആര് ശുഭസങ്കൽപങ്ങളുടെ രചന ചെയ്യുന്നുവോ അവർ തന്നെയാണ് ഡബിൾ ലൈറ്റായി കഴിയുന്നത്.